പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5306 05-07-2012-ൽ മറുപടിയ്ക്ക്

## ഫുട്ബോൾ കളിക്ക് പ്രോത്സാഹനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) | ഫുട്ബോൾ കളി പ്രോത്സാഹിപ്പിയ്ക്കുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ സ്കൂൾ-കോളേജ് തലത്തിലെ കായിക താരങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്, ഫുട്ബോളിന്റെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് Grass root തലത്തിൽ കുട്ടികളുടെ ഫുട്ബോളിലുള്ള കഴിവ് വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ കേരളത്തിലെ 14 ജില്ലകളിലും വിഷൻ ഇന്ത്യ കേരള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 14 ജില്ലകളിലെ 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. |
| (ബി) | കാൽ നൂറ്റാണ്ടായി ഫുട്ബോൾ രംഗത്ത് പ്രവർത്തിക്കുന്നതും ഫുട്ബോൾ കളിയിൽ അഭിരുചിയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതുമായ കൊയിലാണ്ടി എ.കെ.ജി സ്പോർട്സ് സെന്ററിന് സ്വന്തമായി ആസ്ഥാനവും ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (ബി) | പ്രസ്തുത സെന്ററിന് സ്വന്തമായി കളിസ്ഥലമുണ്ടെങ്കിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ